**കേരള സർക്കാർ**

നം. 1/എ 4/2017/എസ്.പി.ഡി.

സ്റ്റോർസ് പർച്ചേസ് (എ) വകുപ്പ്
തിരുവനന്തപുരം.
ഫോൺ: 0471-2518109, 2518491, 2518250

## ദർഘാസ് പരസ്യം നം. 1 /2017 /എസ്.പി.ഡി. തീയതി :07/03/17

സർക്കാരിന്റെ വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സഹകരണസ്ഥാപനങ്ങൾ മുതലായവയ്ക്കാവശ്യമായ കംമ്പ്യൂട്ടറിന്റെ യു.പി.എസ്സ് ട്യൂബുലാർ ബാറ്ററികൾക്ക് [ഹാർഡ് റബ്ബർ കണ്ടയിനർ (സാധാരണ), പ്ലാസ്റ്റിക് കണ്ടയിനർ, സീൽഡ് മെയിന്റനൻസ് ഫ്രീ (എസ്.എം.എഫ്)] റേറ്റ് കോൺട്രാക്റ്റ് വ്യവസ്ഥ പ്രകാരം താഴെ കൊടുത്തിരിക്കുന്ന ഷെഡ്യൂൾ അനുസരിച്ച് മേഖലാ അടിസ്ഥാനത്തിൽ ടെണ്ടർ അംഗീകരിക്കുന്ന അവസാന തീയതി മുതൽ ഒരു വർഷത്തേക്ക് വിതരണം ചെയ്യുന്നതിന് മുദ്രവച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

(i) 6V, 12V യൂണിറ്റുകൾക്ക് ആവശ്യമായ അളവുകൾ

| Voltage | Capacity at 10-h rate | Maximum Overall Dimensions | | |
|---|---|---|---|---|
| | | Length | Width | Height |
| 1 | 2 | 3 | 4 | 5 |
| V | Ah | mm | mm | mm |
| 6 | 20 | | | |
| 6 | 40 | | | |
| 6 | 60 | | | |
| 6 | 80 | | | |
| 6 | 100 | 480 | 186 | 385 |
| 6 | 120 | | | |
| 6 | 135 | | | |
| 6 | 165 | | | |
| 6 | 180 | | | |
| 6 | 200 | | | |
| 12 | 20 | | | |
| 12 | 40 | | | |
| 12 | 60 | | | |
| 12 | 80 | 525 | 295 | 300 |
| 12 | 100 | | | |
| 12 | 120 | | | |
| 12 | 150 | | | |

2. റേറ്റ് കോൺട്രാക്ട് ആവശ്യത്തിലേയ്ക്ക് സംസ്ഥാനത്തെ 14 റവന്യൂ ജില്ലകളെ താഴെപ്പറയുന്ന മേഖലകളായി തിരിച്ചിരിക്കുന്നു.

| | മേഖലകൾ | ജില്ലകൾ |
|---|---|---|
| 1 | തെക്കൻമേഖല | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ |
| 2 | മധ്യമേഖല | കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് |
| 3 | വടക്കൻമേഖല | മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർകോഡ് |

3. ദർഘാസുകൾ സമർപ്പിക്കുമ്പോൾ ഒരു ദർഘാസുകാരന് ഒന്നോ അതിലധികമോ മേഖലകളിലേയ്ക്ക് ഹാർഡ് റബ്ബർ കൺടെയ്നർ ബാറ്ററിക്കും, പ്ളാസ്റ്റിക് കൺടെയ്നർ ബാറ്ററിക്കും, സീൽഡ് മെയിന്റനൻസ് ഫ്രീ (എസ്.എം.എഫ്) ബാറ്ററിയ്ക്കും റേറ്റ് ക്വാട്ട് ചെയ്യാവുന്നതാണ്. എന്നാൽ ഓരോ മേഖലകളിലേയും ഓരോ ഇനം ബാറ്ററിക്കും റേറ്റ് പ്രത്യേകം സമർപ്പിക്കേണ്ടതാണ് **റേറ്റ് കോൺട്രാക്ട് ലഭിക്കുന്ന സ്ഥാപനം അതതു മേഖലകളിലെ ജില്ലാ ആസ്ഥാനങ്ങളിൽ ബാറ്ററി സപ്ളൈ ചെയ്യേണ്ടതാകുന്നു.**

4. ദർഘാസ് അടക്കം ചെയ്തിരിക്കുന്ന കവറിന് പുറത്ത് "കംപ്യൂട്ടർ യു.പി.എസ്സുകൾക്കാവശ്യമായ ട്യൂബുലാർ ബാറ്ററികൾ ഹാർഡ് റബ്ബർ കണ്ടയിനർ/പ്ളാസ്റ്റിക് കണ്ടയിനർ/എസ്.എം.എഫ് വിതരണം ചെയ്യുന്നതിനുള്ള ദർഘാസ് നം.1/2017/എസ്.പി.ഡി. തീയതി 07/03/17 തെക്കൻമേഖല/ മധ്യമേഖല/ വടക്കൻമേഖല" എന്ന് രേഖപ്പെടുത്തുകയും അത് അഡീഷണൽ ചീഫ് സെക്രട്ടറി, സ്റ്റോർസ് പർച്ചേസ് വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയേറ്റ്, തിരുവനന്തപുരം - 695 001 എന്ന വിലാസത്തിൽ അയയ്ക്കുകയും ചെയ്യേണ്ടതാണ്. ദർഘാസ് ഫാറങ്ങളുടെ വില്പന 24/03/17 ഉച്ചയ്ക്ക് 2 മണിയ്ക്ക് അവസാനിക്കുന്നതാണ്. ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി 15/04/17 ഉച്ച കഴിഞ്ഞ് 3 മണിവരെയാണ്. താമസിച്ച് ലഭിക്കുന്ന ദർഘാസുകൾ യാതൊരു കാരണവശാലും പരിഗണിയ്ക്കുന്നതല്ല. ദർഘാസുകൾ അപ്പോൾ ഹാജരായിട്ടുള്ള കരാറുകാരുടെയോ, അവർ അധികാരപ്പെടുത്തിയ പ്രതിനിധികളുടേയോ സാന്നിധ്യത്തിൽ അഡീഷണൽ ചീഫ് സെക്രട്ടറിയോ അല്ലെങ്കിൽ ഈ ആവശ്യത്തിനുവേണ്ടി അധികാരപ്പെടുത്തിയിട്ടുള്ള ആഫീസറുടേയോ ഓഫീസിൽ വച്ച് 2.30 -ന് ഉച്ച കഴിഞ്ഞ് 18.04.17 മണിക്ക് തുറക്കുന്നതാണ്. ഏതെങ്കിലും കാരണവശാൽ ഈ ദിവസങ്ങൾ അവധി ദിവസമായി പ്രഖ്യാപിക്കപ്പെട്ടാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ടെൻഡർ വില്പനയും, സ്വീകരിയ്ക്കലും, തുറക്കലും, അതത് സമയങ്ങളിൽ നടത്തുന്നതാണ്. നിരക്കുകൾ അംഗീകാരത്തിനായി 15/08/2017 വരെ പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്. ബാറ്ററി നിർമ്മാതാക്കളിൽ നിന്നും ലഭ്യമാക്കിയ സ്പെസിഫിക്കേഷൻ ചാർട്ട്, ബുക്ക് ലറ്റ്, വാറന്റി പീരീഡ് (ഏറ്റവും കുറഞ്ഞത് സപ്ളൈ ചെയ്യുന്ന തീയതി മുതൽ ഒരു വർഷം) എന്നിവ ടെൻഡറിൽ ഉൾക്കൊള്ളിച്ചിരിക്കണം. സപ്ളൈ ചെയ്യുന്നതിനായി തിരഞ്ഞെടുക്കപ്പെടുന്ന ദർഘാസുകാർ ബാറ്ററികളുടെ സ്പെസിഫിക്കേഷൻ അനുസരിച്ച് സർക്കാർ/പൊതുമേഖലാ അംഗീകൃത സ്ഥാപനങ്ങളായ (1). കൗൺസിൽ ഓഫ് സയൻസ് ആന്റ് ഇൻഡസ്ട്രിയൽ റിസർച്ച് ലാബ് (സി.എസ്.ഐ.ആർ) (2). ഇലക്ട്രോണിക്സ് റീജിയണൽ റിസർച്ച് ടെസ്റ്റിംഗ് ലാബ് (ഇ.ആർ.ടി.എൽ) (3). സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റോഡ് ട്രാൻസ്പോർട്ട് (സി.ഐ.ആർ.റ്റി) പൂനെ (4). ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, തിരുവനന്തപുരം (5) സെൻട്രൽ പവ്വർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സി.പി.ആർ.ഐ), ബാംഗ്ളൂർ, (6)നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (എൻ.ഐ.റ്റി), കോഴിക്കോട് എന്നിവയിലേതെങ്കിലും ഒന്നിൽ നിന്നും സ്വന്തം ചെലവിൽ ഒരു വർഷത്തിനുള്ളിൽ ലഭ്യമാക്കിയ ടെസ്റ്റ് സർട്ടിഫിക്കറ്റ് (ഓരോ സ്പെസിഫിക്കേഷനും പ്രത്യേകം) സർക്കാർ ആവശ്യപ്പെടുമ്പോൾ ഹാജരാക്കണം. ദർഘാസുകാർ. ബാറ്ററികളുടെ ടെസ്റ്റ് സർട്ടിഫിക്കറ്റ് ടെൻഡറിനൊപ്പം സമർപ്പിക്കേണ്ടതില്ല. മുകളിൽ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളുടേതല്ലാത്ത ടെസ്റ്റ് സർട്ടിഫിക്കറ്റുകൾ യാതൊരു കാരണവശാലും സ്വീകരിയ്ക്കുന്നതല്ല, ബാറ്ററി നിർമ്മാതാക്കൾ അവയുടെ ടെസ്റ്റ് ചെയ്ത ശേഷമുള്ള ലൈഫ് പീരിഡ്/ഗാരന്റി പീരിഡ് (ഏറ്റവും കുറഞ്ഞത് സപ്ളൈ ചെയ്യുന്ന തീയതി മുതൽ ഒരു വർഷം) കൃത്യമായും കാണിച്ചിരിക്കണം. റേറ്റ് കോൺട്രാക്ടിൽ ലോവസ്റ്റായി വരുന്ന സ്ഥാപനങ്ങൾ അവരുടെ സാമ്പിൾ ബാറ്ററികൾ ടെസ്റ്റ്

നടത്തുവാൻ വേണ്ടി സ്റ്റോർസ് പർച്ചേസ് വകുപ്പിൽ ആവശ്യപ്പെടുമ്പോൾ നല്കേണ്ടതാണ്. ഐ.എസ്.ഐ സർട്ടിഫിക്കറ്റുള്ള സ്ഥാപനങ്ങൾക്ക് മുൻഗണന നല്കുന്നതാണ്.

5. ഒരു മേഖലയ്ക്കുവേണ്ടി ക്വാട്ട് ചെയ്തിട്ടുള്ള നിരക്കുകൾ മുകളിൽ രണ്ടാം ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ പ്രസ്തുത മേഖലയിലെ എല്ലാ ജില്ലകൾക്കും സാധുവായിരിക്കുന്നതാണ്. ഏതെങ്കിലും ദർഘാസുകൾ കാരണം കാണിക്കാതെ തള്ളിക്കളയുന്നതിനോ, അല്ലെങ്കിൽ ഒരേ ദർഘാസുകാരനു തന്നെ എല്ലാ മേഖലയുമോ അല്ലെങ്കിൽ സാധാരണ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഒരേ സമയത്ത് ഒന്നോ ഒന്നിൽ കൂടുതലോ മേഖലകളിലേയ്ക്ക് മാത്രമായോ റേറ്റ് കോൺട്രാക്ടുകൾ നല്കുന്നതിനോ ഉള്ള അവകാശം സ്റ്റോർസ് പർച്ചേസ് വകുപ്പിൽ നിക്ഷിപ്തമായിരിക്കും. ഓരോ ദർഘാസുകാരനും ചാർജ് ചെയ്തതും ചാർജ് ചെയ്യാത്തതുമായ ബാറ്ററികളുടെ നിരക്കുകൾ പ്രത്യേകം ക്വാട്ട് ചെയ്യേണ്ടതാണ്. ചാർജ് ചെയ്യാത്ത ബാറ്ററികളുടെ നിരക്കിനൊപ്പം ഇനിഷ്യൽ ഫില്ലിംഗ് ചാർജ്ജ് കൂടി കോട്ട് ചെയ്യേണ്ടതാണ്. സ്ക്രാപ്പ് ബാറ്ററികളുടെ നിരക്കുകളും കോട്ട് ചെയ്യേണ്ടതാണ്. ഒരു ദർഘാസിൽ ഏതെങ്കിലും ഒരിനത്തിൽ ക്വാട്ട് ചെയ്തിട്ടുള്ള നിരക്കുകൾ സ്വീകരിക്കുന്നതിനും, മറ്റുള്ളവ നിരസിക്കുന്നതിനും ഉള്ള അവകാശം സ്റ്റോർസ് പർച്ചേസ് വകുപ്പിന് ഉണ്ടായിരിക്കുന്നതാണ്. ദർഘാസിൽ പങ്കെടുക്കാനുദ്ദേശിക്കുന്നവർ അവരുടെ ദർഘാസിനോടൊപ്പം ഓരോ മേഖലയിലെ ഓരോ ഇനം ബാറ്ററിക്കും സ്റ്റോർസ് പർച്ചേസ് വകുപ്പിൽ പണമടച്ച രസീതോ, ദേശസാത്കൃതബാങ്കിന്റെ ക്രോസ്സ് ചെയ്ത ബാങ്ക് ഡ്രാഫ്റ്റോ അഡീഷണൽ ചീഫ് സെക്രട്ടറി, സ്റ്റോർസ് പർച്ചേസ് വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം -695 001 എന്ന വിലാസത്തിൽ തിരുവനന്തപുരത്ത് മാറത്തക്ക വിധത്തിൽ 1,000/- (ആയിരം) രൂപയുടെ നിരതദ്രവ്യം ഉള്ളടക്കം ചെയ്യേണ്ടതാണ്. ഓരോ ഇനം ഹാർഡ് റബ്ബർ കൺടെയ്നർ ബാറ്ററിക്കും, പ്ലാസ്റ്റിക് കൺടെയ്നർ ബാറ്ററിക്കും, സീൽഡ് മെയിന്റനൻസ് ഫ്രീ (എസ്.എം.എഫ്) ബാറ്ററിക്കും പ്രത്യേകം നിരതദ്രവ്യം വയ്ക്കേണ്ടതാണ്.

6. ദർഘാസുകൾ നല്കാനുദ്ദേശിക്കുന്ന ദർഘാസുകാർ അഡീഷണൽ ചീഫ് സെക്രട്ടറി, സ്റ്റോർസ് പർച്ചേസ് വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം -695001, കേരള എന്ന വിലാസത്തിൽ അപേക്ഷിച്ചാൽ ദർഘാസ് ഫാറങ്ങൾ ലഭിക്കുന്നതാണ്. ദർഘാസ് ഫാറങ്ങൾക്കുള്ള വിലയായ 1,900/- (ആയിരത്തിത്തൊള്ളായിരം) രൂപയും വാറ്റ് നികുതിയും കൂടി അടയ്ക്കേണ്ടതും ഇത് യാതൊരു സാഹചര്യത്തിലും തിരിച്ചുകൊടുക്കുന്നതല്ലാത്തതാകുന്നു. ദർഘാസ് ഫാറങ്ങൾ യാതൊരു സാഹചര്യത്തിലും കൈമാറ്റം ചെയ്യാവുന്നതല്ല. ദർഘാസ് ഫാറങ്ങളുടെ വില പണമായോ, മണിയോർഡറുകളായോ നല്കേണ്ടതാണ്. ദർഘാസ് ഫോറങ്ങളുടെ വിലയായി പോസ്റ്റേജ്/കോർട്ട് ഫീ സ്റ്റാമ്പുകൾ സ്വീകരിക്കുന്നതല്ല. ദർഘാസ് ഫോറങ്ങളുടെ വില്പന 24.03.17.ന് ഉച്ചയ്ക്ക് 2 മണിയ്ക്ക് അവസാനിക്കുന്നതാണ്. ഫോറത്തിന്റെ ഡ്യൂപ്ലിക്കേറ്റ് ആവശ്യമാണെങ്കിൽ ഓരോ കോപ്പിയ്ക്കും 1,000/- (ആയിരം) രൂപയും വാറ്റ് നികുതിയും ഉൾപ്പെടെ നിരക്കിൽ നല്കേണ്ടതാണ്. ചെറുകിട വ്യവസായ യൂണിറ്റുകൾക്ക്, ടെൻഡർ ഫോം സ്വീകരിക്കുന്ന അവസാന ദിവസം നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മാത്രമേ ആനുകൂല്യങ്ങൾ/ഇളവുകൾ നല്കുകയുള്ളൂ. ടെൻഡർ ഫോറം പോസ്റ്റ് വഴി ലഭിക്കേണ്ടവർ അതിന്റെ നികുതികൾ അടക്കമുള്ള വിലയ്ക്കു പുറമേ 50/- രൂപ പോസ്റ്റേജ് ചാർജ്ജുകൂടി നല്കേണ്ടതാണ്. തപാൽ കാലതാമസം കൊണ്ട് ടെൻഡർ ഫോറം കിട്ടാൻ താമസിക്കുകയോ ലഭിക്കാതെ വരുകയോ ചെയ്താൽ സർക്കാർ ഉത്തരവാദിയായിരിക്കുകയില്ല. ഇതു സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ ടെൻഡർ ഫോറത്തിനോടൊപ്പം നല്കുന്നതാണ്. കൂടാതെ "www.spd.kerala.gov.in" എന്ന സർക്കാർ വെബ്സൈറ്റിലും ലഭ്യമാണ്.

പ്രദീപ് കുമാർ സി.ജി,
അഡീഷണൽ സെക്രട്ടറി,
അഡീഷണൽ ചീഫ് സെക്രട്ടറിക്കുവേണ്ടി
സ്റ്റോർസ് പർച്ചേസ് വകുപ്പ്

## പ്രത്യേക വ്യവസ്ഥകൾ

1. ബാറ്ററികൾ വിതരണം ചെയ്യേണ്ട സമയപരിധി:- സപ്ളൈ ഓർഡർ ലഭിച്ച്, രണ്ടാഴ്ചക്കുള്ളിൽ ബാറ്ററികൾ വിതരണം ചെയ്യേണ്ടതാണ്. ബാറ്ററി വിതരണക്കാരൻ/ഏജന്റ് ആണ് ടെണ്ടറിൽ പങ്കെടുക്കുന്നത് എങ്കിൽ ആയത് സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള നിർമ്മാതാവിന്റെ കത്ത് ഹാജരാക്കേണ്ടതാണ്.
2. വിതരണം:- ബാറ്ററി വാങ്ങുന്നയാൾ സൂചിപ്പിക്കുന്ന കേരള സംസ്ഥാന ത്തിലെ ഏതൊരു റെയിൽവേ സ്റ്റേഷനിലും ബാറ്ററികൾ റെയിൽമാർഗ്ഗം സൗജന്യമായി എത്തിക്കുന്നതിനുള്ള തുകയാണ് ക്വോട്ട് ചെയ്യേണ്ടത്. വിതരണക്കാരൻ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ബാറ്ററി വിതരണം ചെയ്യേണ്ടതാണ്.
3. വാറണ്ടി:-വാറണ്ടി പീരിയഡും, വാറണ്ടി/റീപ്ളേയ്സ്മെന്റ് പീരിയഡും രേഖപ്പെടുത്തേണ്ടതാണ്. വാറണ്ടി/പ്രവർത്തന കാലാവധി (കുറഞ്ഞത് വിതരണം ചെയ്ത തീയതി മുതൽ ഒരു വർഷം വരെ) വ്യക്തമായി സൂചിപ്പിക്കേണ്ടതാണ്.
4. സേവനരീതി : സർവീസ് വാറണ്ടി വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.
5. റേറ്റ് : 15.08.2017 ന് സർക്കാർ തീരുമാനം ആകുന്നതുവരെ ടി റേറ്റുകളിൽ വ്യതിയാനം ഉണ്ടാകില്ല.
6. ISI മുദ്രണം:- ബാറ്ററികൾക്ക് ഐ.എസ്.ഐ. മുദ്ര/സ്പെസിഫിക്കേഷൻ ഉണ്ടോയെന്ന് രേഖപ്പെടുത്തേണ്ടതും, ഉണ്ടെങ്കിൽ നമ്പർ സൂചിപ്പിക്കേണ്ടതുമാണ്.
7. പേയ്മെന്റ്: ബാറ്ററികൾ വിതരണം ചെയ്ത് പ്രവർത്തന ക്ഷമമാണെന്ന് ബോദ്ധ്യപ്പെട്ട് രണ്ടാഴ്ചക്കകം പേയ്മെന്റ് നടത്താവുന്നതാണ്.
8. കരാർ (ഉടമ്പടി) : ടെണ്ടർ അപേക്ഷാഫോറത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരമുള്ള പ്രാഥമിക ഉടമ്പടി ഓരോ ടെണ്ടറിനോടൊപ്പവും സമർപ്പിക്കേണ്ടതാണ്.
9. ടെണ്ടർ ഫോറത്തിന്റെ എല്ലാ പേജുകളിലും ടെണ്ടർ സമർപ്പിക്കുന്നയാൾ സ്വയം സാക്ഷ്യപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം ടെണ്ടർ നിരസിക്കുന്നതാണ്.

## മറ്റ് വ്യവസ്ഥകൾ

1. ഈ കരാർ ഒരു റേറ്റ് കോൺട്രാക്ട് ആണ്. ടെണ്ടർ അംഗീകരിക്കുന്ന തീയതി മുതൽ ഒരു വർഷത്തേയ്ക്കായിരിക്കും ടി റേറ്റ് കോൺട്രാക്ടിന്റെ കാലാവധി. ഈ കാലാവധിക്കുള്ളിൽ കൃത്യമായും ബാറ്ററികൾ ആവശ്യാനുസരണം വിതരണം ചെയ്യേണ്ടതാണ്.
2. ചെറുകിട/വൻകിട വ്യവസായ യൂണിറ്റാണോ എന്നതുൾപ്പെടെയുള്ള എല്ലാവിവരങ്ങളും ദർഘാസുകാരൻ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ഗസറ്റഡ് ഉദ്യോഗസ്ഥർ/നോട്ടറി പബ്ളിക് സാക്ഷ്യപ്പെടുത്തിയത് ടെണ്ടർ അപേക്ഷയൊടൊപ്പം സമർപ്പിക്കേണ്ടതാണ്.
3. റേറ്റ് സ്വീകാര്യമാണെങ്കിൽ ഐ.എസ്.ഐ. സർട്ടിഫിക്കറ്റുള്ള ബാറ്ററികൾക്ക് മുൻഗണന നല്കുന്നതായിരിക്കും. സപ്ലൈ ചെയ്യുന്നതിനായി തിരഞ്ഞെടുക്കപ്പെടുന്ന ദർഘാസുകാർ ബാറ്ററികളുടെ സ്പെസിഫിക്കേഷനനുസരിച്ച് സർക്കാർ/പൊതുമേഖലാ അംഗീകൃത സ്ഥാപനങ്ങളായ (1). കൗൺസിൽ ഓഫ് സയൻസ് & ഇൻഡസ്ട്രിയൽ റിസർച്ച് ലാബ് (സി.എസ്.ഐ.ആർ), (2). ഇലക്ട്രോണിക് റീജിയണൽ റിസർച്ച് ടെസ്റ്റിംഗ് ലാബ് (ഇ.ആർ.ടി.എൽ) (3). സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റോഡ് ട്രാൻസ്പോർട്ട് (സി.ഐ.ആർ.ടി), പൂനെ, (4). ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, തിരുവനന്തപുരം (5). സെൻട്രൽ പവ്വർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സി.പി.ആർ.ഐ), ബാംഗ്ളൂർ, (6) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (എൻ.ഐ.റ്റി), കോഴിക്കോട് എന്നിവയിലേതെങ്കിലും ഒന്നിൽനിന്ന് സ്വന്തം ചെലവിൽ ഒരു വർഷത്തിനുള്ളിൽ ലഭ്യമാക്കിയ ടെസ്റ്റ് സർട്ടിഫിക്കറ്റ് (ഓരോ സ്പെസിഫിക്കേഷനും പ്രത്യേകം) സർക്കാർ ആവശ്യപ്പെടുമ്പോൾ ഹാജരാക്കണം. ഐ.എസ്.ഐ. മുദ്രയില്ലാത്ത മുകളിൽ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ ഓഫറുകൾ നിരസിക്കുന്നതാണ്.

4. a) ക്വാട്ട് ചെയ്യുന്ന വില അടിസ്ഥാന നിരക്ക്, നികുതികൾ, ഡ്യൂട്ടി, ട്രാൻസ്പോർട്ടേഷൻ ചാർജ്, സെസ്സ്, കയറ്റിറക്കുകൂലി തുടങ്ങിയവ ഉൾപ്പെടെയുള്ളതുമായിരിക്കേണ്ടതാണ്. ടി തുക ഉടമ്പടി പ്രാബല്യത്തിലാകുമ്പോൾ കരാറുകാരൻ നിലവിലുള്ള സർക്കാർ (സപ്ലൈ/ഡെലിവറി) വ്യവസ്ഥകൾക്ക് വിധേയമായി നല്കേണ്ടുന്ന തുകയായിരിക്കണം. സ്ക്രാപ്പ് ബാറ്ററി സംബന്ധമായ വിവരങ്ങൾ ടെൻഡറിൽ രേഖപ്പെടുത്തേണ്ടതാണ്. ബാറ്ററി വിതരണത്തിനായി എടുക്കാവുന്ന കാലാവധി സാധാരണയായി ഒരാഴ്ചയാണ്. ഈ കാലാവധി ഒരു കാരണവശാലും രണ്ടാഴ്ചയിൽ അധികമാകുവാൻ പാടില്ല.

b) സ്വീകരിക്കുന്ന സ്ക്രാപ്പ് ബാറ്ററിയുടെ വില (ഓരോ തരം ബാറ്ററിയുടേയും) ക്വാട്ട് ചെയ്യേണ്ടതാണ്. തൂക്കത്തിനടിസ്ഥാനമായ വില എന്ന രീതിയിൽ സൂചിപ്പിക്കുവാൻ പാടില്ല. സ്ക്രാപ്പ് ബാറ്ററിയുടെ വില, മോണോലിഡ്/മൾട്ടിലിഡ്/പ്ലാസ്റ്റിക് കണ്ടെയ്നർ തുടങ്ങിയ ഏതിനത്തിനാണ് എന്ന വിവരങ്ങൾ കൂടി കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

5. സാധാരണയായി, വിതരണം ചെയ്ത ബാറ്ററികൾ പരിശോധിച്ച് സ്റ്റോക്കിലേക്ക് മാറ്റിയതിനു ശേഷം വിതരണം ചെയ്ത തീയതി മുതൽ രണ്ടാഴ്ചക്കകം പേയ്മെന്റ് നല്കേണ്ടതാണ്. പ്രത്യേക സാഹചര്യത്തിൽ, സർക്കാർ തീരുമാനത്തിനു വിധേയമായി, സാധനവിലയുടെ 75% വരെയുള്ള തുക തൃപ്തികരമായ ഷിപ്പിംഗ് ഡോക്കുമെന്റ്/ഇൻഷുറൻസ് സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാന ത്തിൽ നല്കാവുന്നതാണ്. ബാങ്ക് മുഖേന രേഖകൾ ചെലവാകുന്ന തുക കോൺട്രാക്ടർ വഹിക്കേണ്ടതാണ്.

6. ടെൻഡർ നോട്ടീസിലെ സ്പെസിഫിക്കേഷൻസ് പ്രകാരമുള്ള ബാറ്ററികൾ, സ്വന്തം സ്രോതസ്സിൽ നിന്നും തന്നെ സപ്ലൈ ചെയ്യേണ്ടതാണ്. സാധാരണ ഗതിയിൽ ഇറക്കുമതി ലൈസൻസിന്റെ അടിസ്ഥാനത്തിലുള്ള സപ്ലൈ സ്വീകാര്യമല്ല. ഇറക്കുമതി ലൈസൻസ് ആവശ്യമാണെങ്കിൽ, ഇക്കാര്യം ടെൻഡറിൽ സൂചിപ്പിക്കേണ്ടതാണ്.

7. ചെറുകിട വ്യവസായ യൂണിറ്റുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്റ്റോർസ് പർച്ചേസ് വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയെ നിരതദ്രവ്യം അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടില്ല. ഇത് ഒരു റേറ്റ് കോൺട്രാക്ടാണ്. ആവശ്യമായ നിരതദ്രവ്യം അടയ്ക്കാത്ത ടെൻഡറുകൾ നിരസിക്കുന്നതായിരിക്കും.

8. തിരഞ്ഞെടുക്കപ്പെടുന്ന ദർഘാസുകാരൻ സെക്യൂരിറ്റി തുക അടച്ചതിനുശേഷം സർക്കാർ ആവശ്യപ്പെടുന്ന സമയപരിധിക്കുള്ളിൽ നിശ്ചിത മാതൃകയിലുള്ള ഉടമ്പടിയിൽ ഒപ്പുവയ്ക്കേണ്ടതാണ്.

9. ദർഘാസുകാരൻ ഓരോതരം ട്യൂബലർ ബാറ്ററിക്കും (ഹാർഡ് റബ്ബർ കണ്ടയിനർ, പ്ലാസ്റ്റിക് കണ്ടയിനർ & സീൽഡ് മെയിന്റനൻസ് ഫ്രീ) ഓരോ വോൾട്ടേജ്/കപ്പാസിറ്റിക്കും പ്രത്യേകം നിരതദ്രവ്യം (പണമായോ ദേശസാൽകൃത ബാങ്കിൽനിന്നുമുള്ള ക്രോസ്ഡ് ബാങ്ക് ഡ്രാഫ്റ്റായോ) ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

പ്രദീപ് കുമാർ സി.ജി.
അഡീഷണൽ സെക്രട്ടറി,
അഡീഷണൽ ചീഫ് സെക്രട്ടറിക്കുവേണ്ടി
സ്റ്റോർസ് പർച്ചേസ് വകുപ്പ്